# ACADEMIC MASTER PLAN

# ദിശ

## SCHOOL RESOURCE GROUP

MUM VHSS VADAKARA

# ഉള്ളടക്കം

1. സ്കൂൾ വിവരങ്ങൾ

2. ആമുഖം

3. ലക്ഷ്യങ്ങൾ

4. സ്കൂൾ ചരിത്രം

5. പ്രതിസന്ധികളും പരിമിതികളും

6. വിഷയമേഖലകൾ

7. ഉപസംഹാരം

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എം.യു.എം. വി.എച്ച്.എസ്.എസ്. വടകര |
| ഫോൺ നമ്പർ | : | 0496 2514640 |
| മേൽവിലാസം | : | എം.യു.എം. വി.എച്ച്.എസ്.എസ്. വടകര<br>വടകര ബീച്ച് പി ഒ<br>പിൻ: 673103<br>വടകര, കോഴിക്കോട് |
| ഇമെയിൽ | : | vatakara16003@gmail.com |
| നഗരസഭ | : | വടകര |
| വാർഡ് | : | 47 (താഴെ അങ്ങാടി) |
| ക്ലസ്റ്റർ | : | ഗുജറാത്തി |
| ബ്ലോക്ക് | : | വടകര |
| ബി.ആർ.സി. | : | വടകര |
| ജില്ല | : | കോഴിക്കോട് |
| മാനേജർ | : | എൻ.പി. അബ്ദുള്ളഹാജി<br>(കോർപ്പറേറ്റ് സ്കൂൾ മാനേജർ) |
| പ്രധാനാധ്യാപകൻ | : | എൻ.പി. അഷ്റഫ് (9447847638) |
| പി.ടി.എ. പ്രസിഡന്റ് | : | യൂനസ് കെ.ടി. |
| എസ്.ആർ.ജി. കൺവീനർ (HS) | : | ഷർമിനാസ് വി.കെ. (9496728784) |
| എസ്.ആർ.ജി. കൺവീനർ (UP) | : | ഷംസീറ സി. (9048454695) |

# ആമുഖം

വടകരയിലെ താഴെയങ്ങാടി ഉൾപ്പെടുന്ന തീരപ്രദേശങ്ങളിലെ മുസ്ലീം സമൂഹത്തിന്റെ വിദ്യാഭ്യാസ–സാമൂഹിക–സാംസ്കാരികപരമായ ഉന്നമനം ലക്ഷ്യം വെച്ച് 1958 ൽ നാട്ടുകാരായ പ്രമുഖ വ്യക്തികളുടെ സഹകരണത്തോടെ രൂപീകരിച്ച മനാറുൽ ഇസ്ലാം സഭയുടെ പ്രവർത്തന ഫലമായി സ്ഥാപിതമായ സ്കൂളാണ് എം.യു.എം. ഹൈയർ സെക്കണ്ടറി സ്കൂൾ. സഭയുടെ ലക്ഷ്യങ്ങൾ നിറവേറ്റിക്കൊണ്ട് മാനേജ്മെന്റിന്റെയും പ്രഗദ്ഭരായ അദ്ധ്യാപകരുടെയും PTA യുടെയും നേതൃത്വത്തിൽ എം.യു.എം ഹൈയർ സെകണ്ടറി സ്കൂൾ മുന്നേറി വരികയാണ് എസ് എസ് എൽസി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടാനും NMMS, USS തുടങ്ങിയ മത്സരപരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കാനും ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്. ശാസ്ത്രമേളകളിലും കലാ–കായികമേളകളിലും സംസ്ഥാനതലം വരെയുള്ള മത്സരങ്ങളിൽ സ്കൂളിലെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉണ്ടാവാറുണ്ട്. അറബിക് കലോത്സവത്തിൽ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ് പല തവണ നേടിയിട്ടുണ്ട്. സ്കൗട്ട്, ഗൈഡ്സ്, JRC തുടങ്ങിയവ വിദ്യാർത്ഥികളിൽ അച്ചടക്കം വളർത്തിയെടുക്കാൻ വളരെയധികം സഹായിച്ചിട്ടുണ്ട്. ലൈബ്രറി, ഐ.ടി. ലാബ് എന്നിവ വളരെ മികച്ച രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാ–കായികരംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിഞ്ഞു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കായുള്ള കരാട്ടെ പരിശീലനത്തിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ തരം പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി സുഗമമായ പഠനത്തിന് സാഹചര്യമൊരുക്കുന്നു.

സ്കൂൾ രൂപം കൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കാം.

# അക്കാദമിക് മികവിനായി ഏറ്റെടുക്കേണ്ട വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം-അനായാസമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ലബോറട്ടറി-നവീകരണം-ശാസ്ത്രം-ഗണിതം
6. പ്രതിഭാപോഷണ പരിപാടി
7. ലൈബ്രറി ശാക്തീകരണം
8. ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
9. സ്കോളർഷിപ് പരീക്ഷാപരിശീലനം
10. പഠനയാത്രകൾ
11. സ്കൂൾ പത്രം, മാസിക
12. അദ്ധ്യാപക ശാക്തീകരണം-സ്കൂൾ SRG തലം
13. പ്രവർത്തിപരിചയ പരിശീലനം
14. കലാപരിപോഷണം
15. സാഹിത്യ ശില്പശാലകൾ
16. മെഡിക്കൽ ക്യാമ്പുകൾ
17. രക്തഗ്രൂപ്പ് നിർണ്ണയം
18. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
19. ഭാഷാ ലാബ്
20. ദിനാചരണം-ശക്തിപ്പെടുത്തൽ
21. ഗവേഷണാത്മക പഠനം
22. കായികശേഷി വികസനം
23. വിലയിരുത്തൽ-കാര്യക്ഷമമാക്കൽ
24. ഐ.ടി. പഠനം-കാര്യക്ഷമമാക്കൽ
25. ജന്മദിന പുസ്തകം
26. ചിത്രരചന ക്യാമ്പ്
27. ശാസ്ത്ര-ഗണിത ശാസ്ത്ര-പ്രവൃത്തിപരിചയ മേളകൾ
28. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# എം.യു.എം. വൊക്കേഷണൽ ഹൈയർ സെകണ്ടറി സ്കൂൾ–ചരിത്രം

1925 ൽ വടകര-താഴെയങ്ങാടി മഖാമിലെ സയ്യിദ് പൂക്കോയ തങ്ങളുടെ വസതിയിൽ ഏതാനും പ്രമുഖ വ്യക്തികൾ ഒത്തുകൂടി. വടകരയിലെ മുസ്ലീങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി മനാറുൽ ഇസ്ലാം സഭ രൂപീകരിച്ചു. വ്യാപാരപ്രമുഖരും പൗരമുഖ്യൻമാരും എല്ലാം ഈ സഭയോട് സഹകരിച്ചു.

അവരുടെ ആലോചനകളിലൂടെ ഉരുത്തിരിഞ്ഞ് വന്ന ആശയം ഒരു മദ്റസ തുടങ്ങുക എന്നതായിരുന്നു. അങ്ങിനെ ചിറക്കൽ വീടിന്റെ പടിഞ്ഞാറ് ഭാഗത്ത് കെട്ടിയുണ്ടാക്കിയ ഷെഡ് ആണ് ഈ സഭയുടെ വിദ്യാഭ്യാസ പ്രവർത്തങ്ങളുടെ ആദ്യ കെട്ടിടം. 1927 ൽ അറക്കൽ സുൽത്താൻ അബ്ദുറഹിമാൻ ആദി രാജ ഉദ്ഘാടനം ചെയ്തു. മലബാറിലെ മുസ്ലീം വിദ്യാഭ്യാസ ചരിത്രത്തിന്റെ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തിയ ഒരു ചരിത്രസംഭവമായിരുന്നു ഇത്.

കാലക്രമത്തിൽ മദ്രസ ഹയർ എലമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. സർദാർ യൂസഫ്ഖാൻ ആയിരുന്നു ആദ്യത്തെ പ്രധാനധ്യാപകൻ. എലിമെന്ററി സ്കൂളിൽ അധ്യാപകനായി എത്തിയ എ.മമ്മു മാസ്റ്റർ സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും ചെയ്ത സേവനങ്ങൾ അവിസ്മരണീയമാണ്.

1935 ൽ മൂന്നാം നമ്പറായി മനാറുൽ ഇസ്ലാം സഭ രജിസ്റ്റർ ചെയ്യപ്പെട്ടു. ബഹുമാന്യനായ കെ.എം. സീതിസാഹിബ് അവർകളാണ് സഭയുടെ ഭരണഘടന തയ്യാറാക്കിയത്. ഭരണഘടന നിലവിൽ വന്നതോടുകൂടി പുതിയ ഭരണസമിതിയും നിലവിൽ വന്നു. മണപ്രത്ത് ഇബ്രാഹിം ഹാജി (പ്രസിഡന്റ്) പീടികയിലകത്ത് ഹസ്സൻ ഹാജി (വൈസ് പ്രസിഡന്റ്) കെ. കുഞ്ഞിതറുവയി (സെക്രട്ടറി) ചിറക്കൽ കോയോട്ടി ഹാജി (മാനേജർ) എന്നിവർ ഭാരവാഹികളും പുതിയമാടുന്നുമ്മൽ പെരിങ്ങാടി മമ്മദ്, പുതിയമാടുന്നുമ്മൽ ചെറിയ പെരിങ്ങാടി ചെറിയ മമ്മദ്, ആലാൻ മൂസ്സ, മുക്കോലക്കൽ ഇബ്രാഹിം എന്നിവർ ഭരണസമിതി അംഗങ്ങളുമായും തെരഞ്ഞെടുക്കപ്പെട്ടു.

1958 ൽ ആണ് ഹയർ എലമെന്ററി സ്കൂൾ എം.യു.എം. ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. കോട്ടയത്തുകാരനായിരുന്ന ജോൺ സാറായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ.

അധ്യാപകരുടെയും മാനേജ്മെന്റിന്റെയും പി.ടി.എ. യുടെയും എസ്.ആർ.ജി. യുടെയും ആത്മാർത്ഥമായ ശ്രമത്തിന്റെ ഫലമായി കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി 100% വിജയം നേടിയെടുക്കാൻ വിദ്യാലയത്തിനായിട്ടുണ്ട്.

# പ്രതിസന്ധികളും  പരിമിതികളും

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നുവെങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല എന്നത് പരിമിതിയാണ്. ഗവേഷണാത്മക പഠനത്തിന് ഉതകുന്ന രീതിയിലുള്ള ഒരു സയൻസ് ലാബ് സ്കൂളിൽ ഇല്ല എന്നുള്ളത് ഒരു പരിമിതിയാണ്.

ഐ.ടി ലാബിൽ കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിന് ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാകണം.

കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് ആധുനിക സൗകര്യമുള്ളതും ശുചീകരണ സൗഹൃതവുമായ ശൗച്യാലയങ്ങൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്.
കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ (ഉപകരണ സംഗീതം ഉൾപ്പെടെ) പ്രത്യേക റൂം സൗകര്യമൊരുക്കണം.

ഒരു സ്പോർട്സ് പവിലിയൻ/ഇൻഡോർ സ്റ്റേഡിയം ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണായക പങ്കുണ്ട്.

# വിഷയ മേഖലകൾ
## 1. അക്കാദമിക് മാസ്റ്റർ പ്ലാൻ-മാതൃഭാഷ

മേഖല: അക്കാദമിക്
ഉപമേഖല: മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ്<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>• ചിത്രം നൽകി കഥ പറയൽ, എഴുതൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം)<br>വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക<br>വായനാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക | • വായനക്കൂട്ടം രൂപീകരണം<br>• ക്ലാസ് ലൈബ്രറി<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• ചുമർ പത്രിക ഒരുക്കൽ<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• വായനക്കുറിപ്പ് - പതിപ്പ്<br>• സാഹിത്യശാഖകൾ, എഴുത്തുകാർ എന്നിവ പരിചയപ്പെടൽ | ഒരു വർഷം | • ഭാഷാധ്യാപകർ<br>• ലൈബ്രേറിയൻ<br>• വിദ്യാരംഗം<br>• കലാസാഹിത്യ വേദി | SRG, PTA |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | • എഴുത്തുകൂട്ടം രൂപീകരണം<br>• എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>• ചുമർ പത്രിക ഒരുക്കൽ<br>• രചനാ ശിൽപശാല,<br>• കഥാക്യാമ്പ്, കവിതാ ക്യാമ്പ് | ഒരു വർഷം | • ഭാഷാധ്യാപകർ<br>• ലൈബ്രേറിയൻ<br>• വിദ്യാരംഗം | SRG, PTA |
| 4 | സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യ വേദി) | • വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br>• ക്ലാസ് സഭ സ്കൂൾ സഭ, ബാല സഭ<br>• വീഡിയോ പ്രദർശനം<br>• ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | • മുഴുവൻ അധ്യാപകർ<br>• വിദ്യാരംഗം<br>• IEDSS | SRG, PTA |

| | | | | | |
|---|---|---|---|---|---|
| 5 | സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തീകരണം | • ക്ലാസ് ലൈബ്രറി രൂപീകരണം<br>• സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>• മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br>• വായനാമൂലകൾ, വായനാമുറി സൗകര്യമൊരുക്കൽ | ആറ് മാസം | ഭാഷാധ്യാപകർ<br>ലൈബ്രേറിയൻ<br>വിദ്യാരംഗം | SRG, PTA |
| 6 | കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കൽ,<br>ഒരു സാഹിത്യരൂപ പരിവർത്തന ശേഷി | • നാടകക്കളരി<br>• പാഠഭാഗങ്ങൾ ഉൾപ്പെടെയുള്ളവയുടെ നാടകീകരണം<br>• ICT സവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>• പൊതു വേദികളിലെ അവതരണം | ആറ് മാസം | ഭാഷാധ്യാപകർ<br>ആർട്-മ്യൂസിക് അധ്യാപകർ | PTA |
| 7 | ആശയങ്ങൾ, രചനകളായും മറ്റു സൃഷ്ടികളായും വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിനു അവസരമൊരുക്കുക | • രചനകൾ, ക്ലാസ് മാഗസിൻ, റേഡിയോ, ക്ലബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ലോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>• പത്ര ക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്തകൾ ദിവസവും<br>5 മിനിറ്റ് | SITC<br>റേഡിയോ<br>ക്ലബ്<br>ക്ലാസ് ടീച്ചേർസ് | SRG,PTA |
| 8 | ICT സാധ്യതകൾ ആശയവിനിമയത്തിന് | • പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ , ക്ലാസുകൾ എന്നിവയുടെ പുറമെനിന്ന് ശേഖരിച്ച വീഡിയോകളും നിർമ്മിച്ച് എഡിറ്റ് ചെയ്തതായ വീഡിയോകളും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ | അവശ്യാനുസരണം | ഭാഷാധ്യാപകർ<br>SITC,<br>JSITC | SRG,<br>KITE ( IT @School) |
| 9 | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | • സെമിനാറുകൾ / അഭിമുഖങ്ങൾ / പാനൽ ചർച്ചകൾ / സംവാദം മുതലായവ<br>• തിരക്കഥ എഴുതി ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കൽ | വർഷത്തിൽ ഓരോന്ന് | ഭാഷാധ്യാപകർ | SRG |

മേഖല: അക്കാദമിക്/ദിനാചരണങ്ങൾ
ഉപമേഖല: സമഗ്ര വികസനം

| | | | | | |
|---|---|---|---|---|---|
| 1 | വ്യക്തിത്വ വികസനം | • വിവിധ വിഷയങ്ങൾ കോർത്തിണക്കി ദ്വിദിന സഹവാസ ക്യാമ്പ് | വർഷത്തിൽ ഒന്ന് | SRG | PTA |
| 2 | വിവിധ ശേഷികളുടെ പരിപോഷണവും വികസനവും | • അക്കാദമിക് വർഷത്തേക്കുള്ള വിവിധ ദിനാചരണങ്ങൾ SRG യിൽ തീരുമാനിച്ച് സ്കൂളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പിലാക്കുന്നു<br>• സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ആസൂത്രണവും | അവശ്യാനുസരണം | SRG | SMC,PTA |

# 2. അക്കാദമിക് മാസ്റ്റർപ്ലാൻ ഉപഭാഷ-അറബി

മേഖല: അക്കാദമിക്
ഉപമേഖല: അറബി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബി അനായാസം വായിക്കാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക | • മുന്നറിവ് പരിശോധിക്കാൻ പ്രീ-ടെസ്റ്റ്<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>• എഴുത്ത് പരിശീലനം<br>• അറബി നിഘണ്ടുവിലെ പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ | ജൂൺ ജൂലൈ | ഭാഷാധ്യാപകർ | SRG, PTA |
| 2 | വായനയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കാൻ ക്ലാസുകളിൽ സാഹചര്യമൊരുക്കൽ | • ക്ലാസ്തല വായനാമത്സരം<br>• ക്ലാസ് ലൈബ്രറിയുടെയും സ്കൂൾ ലൈബ്രറിയുടെയും ഫലപ്രദമായ ഉപയോഗം<br>• വായനാകുറിപ്പ് തയ്യാറാക്കൽ<br>• അറബി പത്രവായന | 4 മാസം | • ഭാഷാധ്യാപകർ<br>• ലൈബ്രേറിയൻ | SRG, PTA |
| 3 | എഴുത്തിലൂടെ അറബി ഭാഷാശേഷി വികസിപ്പിക്കുക | • കൈയെഴുത്ത് മത്സരം<br>• ചുമർ പത്രിക ഒരുക്കൽ<br>• പതിപ്പ് നിർമ്മാണം | ഒരു വർഷം | ഭാഷാധ്യാപകർ | SRG |
| 4 | അറബി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • വീഡിയോ പ്രദർശനം<br>• ലാംഗ്വേജ് ലാബ് ഫലപ്രദമായി ഉപയോഗിക്കൽ | ജൂൺ | ഭാഷാധ്യാപകർ | SRG |

| | | | | | |
|---|---|---|---|---|---|
| 5 | ഡിസംബർ 18 - അറബി ഭാഷാ ദിനം സമുചിതമായി ആഘോഷിക്കൽ | • വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സെമിനാർ<br>• പുസ്തക പ്രദർശനം<br>• പോസ്റ്റർ - വീഡിയോ പ്രദർശനം | ഡിസംബർ | ഭാഷാധ്യാപകർ | SRG, PTA, SMC |
| 6 | സർഗ്ഗവാസനകളുടെ പരിപോഷണം | • അറബി സാഹിത്യ സമാജം സദസ്സ്.<br>• അറബി കലാ സാഹിത്യ മത്സരങ്ങൾക്ക് പരിശീലനം | യഥാവിധി | ആർട്-മ്യൂസിക് അധ്യാപകർ | PTA, SMC |
| 7 | അറബിയിലെ പിന്നോക്കക്കാരെ മുഖ്യധാരയിലെത്തിക്കൽ | • അധികസമയ ക്ലാസ്,<br>• മോട്ടിവേഷൻ, പരിഹാരബോധനം | ആഴ്ചയിൽ 2 | മുഴുവൻ അധ്യാപകർ | SRG, PTA, SMC |

# 3. അക്കാദമിക് മാസ്റ്റർപ്ലാൻ ഉപഭാഷ-ഉർദു

മേഖല: അക്കാദമിക്
ഉപമേഖല: ഉർദു

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ലോകഭാഷ എന്ന നിലയിൽ ഉർദു ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | • തെരഞ്ഞെടുത്ത 101 ഉർദു പുസ്തകങ്ങളുൾക്കൊള്ളുന്ന 'ഉർദു ലൈബ്രറി' [30 കഥപുസ്തകങ്ങൾ, 20 കുഞ്ഞിക്കവിതകൾ, 20 ചിത്രകഥകൾ, 30 വിവരണ/ലേഖന പുസ്തകങ്ങൾ, 1 ഉർദു ക്വിസ് പുസ്തകം]<br>• വായനയ്ക്കുള്ള കാർഡുകൾ | 3 മാസം | ഭാഷാധ്യാപകർ<br>SRG<br>ലൈബ്രേറിയൻ | SMC, PTA |
| 2 | ഉർദു ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | • കൈയെഴുത്ത് മത്സരം<br>• വായനാകാർഡ് നിർമാണം<br>• ചുമർ പത്രിക ഒരുക്കൽ<br>• ക്ലാസ് പതിപ്പ് നിർമാണം | ഒരു വർഷം | ഭാഷാധ്യാപകർ | SRG |
| 3 | ഉർദുവിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്നതരത്തിൽ സർഗ വൈഭവങ്ങൾ പരിപോഷിപ്പിക്കൽ | • കുട്ടികൾക്ക് മാറി മാറി കലാവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ് സഭ<br>• മികച്ച 10 കഥകൾ/പാട്ട്/വീഡിയോ അവതരണം/പ്രദർശനം | 2 ആഴ്ചയിൽ ഒരിക്കൽ | ആർട്-മ്യൂസിക് അധ്യാപകർ | PTA |
| 4 | ഉർദു ഭാഷാദിനത്തോടനുബന്ധിച്ച് ഉർദു ഫെസ്റ്റ് | • ഉർദു കലാ-സാഹിത്യ അവതരണങ്ങൾ<br>• മികച്ച ഉർദു പ്രതിഭകളെയും പണ്ഡിതശ്രേഷ്ഠരെയും ആദരിക്കൽ | ഉറുദു ക്ലബ് | ഭാഷാധ്യാപകർ | SRG, PTA |
| 5 | കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഉർദു ഇനങ്ങൾക്ക് സജ്ജമാക്കൽ | • വിവിധ മത്സരങ്ങൾ<br>- ക്വിസ്സ്, പദനിർമാണം, പദപ്രശ്നം, വേഡ് ഹണ്ടിംഗ്, കളറിംഗ്, മെമ്മറി പരിശോധന, കഥ പറയൽ, ഗദ്യവായന, പസിൽ, പദപ്പയറ്റ് | യഥാസമയം | ആർട്-മ്യൂസിക് അധ്യാപകർ | PTA |

| | | | | | |
|---|---|---|---|---|---|
| 6 | ഉർദു ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • അഞ്ചാം ക്ലാസിൽ തന്നെ ഉർദു ടൈപ്പിംഗ് പരിശീലനം തുടങ്ങുന്നു<br>• തുടർന്നുള്ള ക്ലാസ്സുകളിൽ വായനാകാർഡുകൾ, പോസ്റ്ററുകൾ മുതലായവ ഉർദുവിൽ തയ്യാറാക്കുന്നു<br>• കൊളാഷ് ഒരുക്കൽ | വർഷം മുഴുവൻ | ഭാഷാധ്യാപകർ<br>SITC<br>JSITC | SRG |
| 7 | ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | • എക്സ്ട്രാ ആക്ടിവിറ്റീസ്<br>• കൈത്താങ്ങ്, ഗൃഹ സന്ദർശനം | യഥാസമയം | മുഴുവൻ അധ്യാപകർ | SRG, PTA |

# 4. അക്കാദമിക് മാസ്റ്റർപ്ലാൻ-ഹിന്ദി

മേഖല: അക്കാദമിക്
ഉപമേഖല: ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ദേശീയഭാഷ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | • വായനയിലെ പരിമിതി മനസ്സിലാക്കാനുള്ള ശ്രമം<br>• വായനയ്ക്കുള്ള കാർഡുകൾ<br>• അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ<br>• മാസത്തിലൊരിക്കൽ ഹിന്ദിയിൽ പ്രത്യേകം അസംബ്ലി. | 3 മാസം | ഭാഷാധ്യാപകർ, SSLC, ലൈബ്രേറിയൻ | PTA |
| 2 | ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | • ദിനം പ്രതി പുതിയ ഒരു ഹിന്ദി വാക്ക്<br>• വായനാകാർഡ് നിർമാണം<br>• ചുമർ പത്രിക ഒരുക്കൽ<br>• 'ഹിന്ദി കൈയെഴുത്ത് പതിപ്പ് | ഒരു വർഷം | ഭാഷാധ്യാപകർ | SRG |
| 3 | ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്നതരത്തിൽ സർഗ വൈഭവങ്ങൾ പരിപോഷിപ്പിക്കൽ | • അവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ്, സമാജം<br>• ഉൽപന്നം, പോർട്ഫോളിയോ പ്രദർശനത്തിന് ഹിന്ദി കോർണർ<br>• വെള്ളിയാഴ്ചകളിൽ ഓരോ ക്ലാസുകാരുടെയും 'ഹിന്ദി വാണി' റേഡിയോ | രണ്ടാഴ്ച്ചയിലൊരിക്കൽ | ആർട്-മ്യൂസിക് അധ്യാപകർ | PTA |

| | | | | | |
|---|---|---|---|---|---|
| 4 | ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയിൽ താൽപര്യം വർധിപ്പിക്കൽ | • ഹിന്ദി സാഹിത്യപ്രതിഭകളെ പരിചയപ്പെടുത്തൽ<br>• ഹിന്ദി ക്ലബ്ബിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ<br>• സ്വാതന്ത്ര്യദിന-റിപ്പബ്ലിക്ദിന സന്ദേശങ്ങളും ഗാനങ്ങളും ഹിന്ദിയിൽ | ഹിന്ദി ക്ലബ്ബ് | ഭാഷാധ്യാപകർ, | SRG, PTA |
| 5 | കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ | • വിവിധ മത്സരങ്ങൾ<br>• ആഴ്ചയിലൊരിക്കൽ ഹിന്ദി പ്രശ്നോത്തരി | യഥാസമയം | ആർട്-മ്യൂസിക് അധ്യാപകർ | SMC, PTA |
| 6 | ഹിന്ദി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • ഭാഷാ ലാബ്<br>• ഹിന്ദി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ | വർഷം മുഴുവൻ | ഭാഷാധ്യാപകർ, SITC, JSITC | SRG |
| 7 | ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | • എക്സ്ട്രാ ആക്ടിവിറ്റീസ്<br>• കൈത്താങ്ങ്, ഗൃഹ സന്ദർശനം | യഥാസമയം | മുഴുവൻ അധ്യാപകർ | SRG, SMC, PTA |

# 5. അക്കാദമിക് മാസ്റ്റർപ്ലാൻ-ഇംഗ്ലീഷ്

മേഖല: അക്കാദമിക്
ഉപമേഖല: ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാ ലാബ് പ്രയോജനപ്പെടുത്തി മുഴുവൻ കുട്ടികളിലും ഉച്ചാരണവും, സ്ട്രെസ്, ഇന്റോനേഷൻ എന്നിവ ഉറപ്പിച്ച് ഇംഗ്ലീഷ് ഭാഷാ ശേഷി പോഷിപ്പിക്കുക | • ഇംഗ്ലീഷ് ഉച്ചാരണം, സ്ട്രെസ്, ഇന്റോനേഷൻ എന്നിവയ്ക്ക് ഊന്നൽ<br>• നിലവിലെ സോഫ്റ്റ്-വെയർ സാധ്യതക്കുള്ളിൽ പാഠഭാഗ വിനിമയം<br>• ഗ്രാമ്മർ സാധ്യത<br>• ഭിന്നശേഷിക്കാർക്ക് TB അനുരൂപണന സാധ്യതകൾ വഴി പഠനം ലളിതമാക്കൽ | ഹ്രസ്വകാലം | ഇംഗ്ലീഷ് അദ്ധ്യാപകർ, Resource Teacher | PTA, SRG |
| 2 | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് വായിക്കാനും എഴുതുവാനുമുള്ള ശേഷി വളർത്തിയെടുക്കൽ | • ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം മനസ്സിലാക്കാനുള്ള പരിശോധന<br>• സ്കൂൾ കാമ്പസിൽ ഇംഗ്ലീഷിലും ആശയവിനിമയം നടത്തൽ<br>• English Diary ദിവസവും എഴുതുന്നതിനുള്ള ശ്രമം<br>• എല്ലാ ക്ലാസ്സിലും English News Paper സബ്സ്ക്രിപ്ഷൻ<br>• ഇംഗ്ലീഷിലുള്ള വാർത്താവായന | ജൂൺ വർഷം മുഴുവൻ | ഇംഗ്ലീഷ് അദ്ധ്യാപകർ, | രക്ഷിതാവ്, SRG |
| 3 | English Movie Theatre | • നിലവിലുള്ള English Movie പ്രദർശനം തുടർന്നും സജീവമാക്കുക<br>• ചലച്ചിത്രാസ്വാദനം, Discussion, Debate മുതലായവ<br>• ഇംഗ്ലീഷിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | മാസം രണ്ട് | ഇംഗ്ലീഷ് അദ്ധ്യാപകർ, English Club | SRG |
| 4 | English Radio Club | • English Club ന്റെ നേതൃത്വത്തിൽ ഉച്ചയിടവേളയിൽ വിവിധ Script എഡിറ്റ് ചെയ്ത അവതരണം<br>• ഓരോ ക്ലാസ്സിലും മാറി മാറി അവതരണത്തിന് അവസരം | ദിനം പ്രതി | HM, English Club | SRG |

| | | | | | |
|---|---|---|---|---|---|
| 5 | ഇംഗ്ലീഷ് അസ്സംബ്ലി | മാസത്തിൽ രണ്ടു തവണ അസംബ്ലി നടപടികൾ എല്ലാം ഇംഗ്ലീഷിൽ (Prayer, Pledge, Introductory Speech) ഓരോ ക്ലാസ്സിലും ആസൂത്രണവും പരിശീലനവും | മാസം രണ്ട് | ക്ലാസ് തല English Club | ഇംഗ്ലീഷ് അദ്ധ്യാപകർ , |
| 6 | സർഗ്ഗശേഷി വികസനം | • കേരള സ്കൂൾ കലോത്സവത്തിലെ ഇംഗ്ലീഷ് ഇനങ്ങൾക്ക് പരിശീലനം<br>• പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ (ഉദാ:- Skit, Drama, Conversation)<br>• ഇംഗ്ലീഷ് പതിപ്പ് നിർമാണം (മാസത്തിലൊരിക്കൽ, ഒരു പ്രത്യേക വിഷയം കേന്ദ്രീകരിച്ച്) | പ്രതിമാസം | English Club | SRG |
| 7 | English Fest | • ഇംഗ്ലീഷ് നാടകം, കവിത, പ്രസംഗ ശില്പശാലകൾ എന്നിവയുടെ തുടർച്ചയായി വർഷത്തിലൊരിക്കൽ ഇംഗ്ലീഷ് ഫെസ്റ്റ് (മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ മാത്രം) | വർഷത്തിലൊരിക്കൽ അവധിക്കാലത്ത് | SRG | SRG, PTA |
| 8 | English Library | • ക്ലാസ് തലത്തിൽ ഇംഗ്ലീഷ് പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി<br>• പുസ്തകങ്ങൾ തരംതിരിക്കൽ, വിതരണം | ആദ്യ ടേമിൽ | ഇംഗ്ലീഷ് അധ്യാപകർ, ലൈബ്രേറിയൻ. | SRG, PTA |
| 9 | English Blog | • English Blog നിർമാണം<br>• ബ്ലോഗിലേക്ക് ആവശ്യമായ ഇംഗ്ലീഷ് വിഭവങ്ങൾ തയ്യാറാക്കലും എഡിറ്റ് ചെയ്ത് പോസ്റ്റ് ചെയ്യലും | 5 മാസം | English Club | SRG |
| 10 | ഇംഗ്ലീഷ് ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ (Interaction with Native Speaker) | • ഇംഗ്ലീഷ് സംസാരിക്കുന്നവരുമായി കുട്ടികൾക്ക് സംവദിക്കാനുള്ള അവസരം ലഭിക്കുന്നതിലൂടെ ഭാഷയുടെ ശൈലിയും ഉച്ചാരണവും ഒഴുക്കും പരിചയിക്കാനാകുന്നു | വർഷം ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | PTA |
| 11 | ICT സാധ്യതകൾ ലോകഭാഷയായ ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കവിത കേൾപ്പിക്കൽ, വീഡിയോ പ്രദർശനം, കൊളാഷ് നിർമാണം, കത്ത് തയ്യാറാക്കൽ, ചോദ്യമാതൃക DTP ചെയ്യൽ, Net browsing and surfing മുതലായവ | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ, SITC, JSITC | PTA |

# 6. അക്കാദമിക് മാസ്റ്റർ പ്ലാൻ-മാനവിക വിഷയങ്ങൾ

മേഖല: അക്കാദമിക്

ഉപമേഖല: സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹിക ജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്തു നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | • ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>• ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ (പ്രതിഷേധ റാലി, ഗൃഹ സന്ദർശനം, സഹായ ശേഖരണം, സെമിനാർ മുതലായവ)<br>• പ്രശ്നബാധിതരുമായി അഭിമുഖം, വിദഗ്ധരുമായുള്ള പാരസ്പര്യം | ദീർഘകാലം | അധ്യാപകർ, രക്ഷിതാക്കൾ | PTA, പൂർവ്വ വിദ്യാർത്ഥി കൾ |
| 2 | ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | • SS Club<br>• ക്ലാസ്ത്തല-സ്കൂൾതല തെരഞ്ഞെടുപ്പ്<br>• വിഷയങ്ങളിൽ ആശയ സംവാദങ്ങൾ | യഥാസമയ ങ്ങളിൽ | അധ്യാപകർ, SRG, ഡിബേറ്റ് ക്ലബ് | PTA |
| 3 | വ്യക്തി സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണെന്ന് തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തനാക്കുക | • മാലിന്യ നിർമാർജന(സ്വച്ഛ് ഭാരത്, ശുചീകരണ) പ്രവർത്തനങ്ങൾ<br>• പ്രാദേശിക സർവ്വേ<br>• പതിപ്പുകൾ, ചുമർ പത്രികകൾ | വർഷം മുഴുവൻ | SS Club | SRG, PTA, NSS units |
| 4 | പ്രാദേശികതലം മുതൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്തത് വിലയിരുത്താനുള്ള കഴിവ് നേടൽ | • പ്രാദേശിക ചരിത്ര രചനയും മാപ്പിംഗും<br>• മുനിസിപ്പൽ, പഞ്ചായത്ത്, ജില്ലാ ഭൂപഠങ്ങൾ വിശകലനം ചെയ്യൽ<br>• ചരിത്ര സംഭവങ്ങളുടെ Time-line (കാലഗണന) തയ്യാറാക്കൽ | മാസം ഒന്ന് | അധ്യാപകർ, SRG, SS Club | PTA, പൂർവ്വ വിദ്യാർ ത്ഥികൾ |
| 5 | ശാസ്ത്ര സാങ്കേതിക രംഗത്തെ GIS / GPRS സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്ത നാക്കുക | • GIS / GPRS സൗകര്യങ്ങളുപയോഗിച്ച് കൃഷിയിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തിയുള്ള താരതമ്യ പഠനം | ഹ്രസ്വകാ ലം | അധ്യാപകർ, SS Club | SITC, JSITC |

| | | | | | |
|---|---|---|---|---|---|
| 6 | സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവുകൾ അപ്ഡേറ്റ് ചെയ്യാനുമായി സ്കൂൾ സാമൂഹ്യ ശാസത്ര കോർണർ | • അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ, അറ്റ്ലസ്, ഇയർബുക്ക്, എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസത്ര കോർണർ ഒരുക്കൽ<br>• ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം | വർഷം മുഴുവനും | അധ്യാപകർ, SS Club | SRG |
| 7 | ചരിത്രാവബോധമുണ്ടാക്കുന്നതിനും ചരിത്ര പഠനം രസകരമായി അനുഭവപ്പെടുത്തുന്നതിനുമായി ഒരു ചരിത്ര മ്യൂസിയം | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ, രക്ഷിതാക്കൾ തുടങ്ങിയവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു പൈതൃക വസ്തുക്കളും പുരാരേഖകളും സൂക്ഷിക്കാനുള്ള മ്യൂസിയം ഒരുക്കൽ | ദീർഘകാലം | അധ്യാപകർ SRG, SS Club | PTA, പൂർവ്വ വിദ്യാർത്ഥികൾ |
| 8 | സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യ ശാസ്ത്രത്തിനുള്ള വിവിധ പഠനോപാധികൾ പ്രദർശിപ്പിക്കുന്ന ലാബ് (വിവിധ തരം ഗ്ളോബ്, ഭൂപഠങ്ങൾ, മാതൃകകൾ, പ്രവർത്തന മാതൃകകൾ, ടെലസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ മുതലായവ) | 4 മാസം | അധ്യാപകർ, SS Club | SRG, PTA |
| 9 | ആനുകാലിക വിഷയങ്ങളിലേക്ക് തെളിച്ചം പകരാൻ ഡിബേറ്റ് ക്ലബ്ബ് | • സമകാലിക പ്രസക്തമായ വിഷയങ്ങളിലൂന്നി ആശയപരമായ സംവാദങ്ങൾ, ചർച്ച, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ<br>• പ്രദേശത്തിന്റെ വിവിധ കോർണറുകളിലും ഇത്തരം പരിപാടികൾ | മാസം രണ്ട് | ഡിബേറ്റ് ക്ലബ് | SRG, അധ്യാപകർ, സ്കൂളിലെ മറ്റ് ക്ലബ്ബുകൾ |
| 10 | ഇന്ത്യയുടെ സാംസ്യകാരികമായ വൈവിധ്യം തിരിച്ചറിയാനും ദേശീയബോധം ഉറപ്പിക്കാനും ദേശീയോദ്ഗ്രഥന ക്യാമ്പ് | • വിവിധ സംസ്ഥാനക്കാരായ കുട്ടികളെ അവരവരുടെ പ്രാദേശികമായ വേഷമണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പിക്കുന്നു<br>• സാധ്യമെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘത്തിന്റെ സ്കൂൾ സന്ദർശനം | വർഷം ഒന്ന് | അധ്യാപകർ SRG | SRG, അധ്യാപകർ, സ്കൂളിലെ മറ്റ് ക്ലബ്ബുകൾ |
| 11 | പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കലും ഉറപ്പിക്കലും | • ചരിത്ര- സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം<br>• ചരിത്രം രേഖപ്പെടുത്തി റെഫറൻസിനായി സൂക്ഷിക്കൽ | വർഷം മൂന്നെണ്ണം | അധ്യാപകർ SRG, SS Club | PTA, പൂർവ്വ വിദ്യാർത്ഥികൾ |

# 7. അക്കാദമിക് മാസ്റ്റർ പ്ലാൻ-ശാസ്ത്രം

മേഖല: അക്കാദമിക്
ഉപമേഖല: ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | • പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>• പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം<br>• ആശയ ധാരണകൾ ഉറപ്പിക്കൽ<br>• പഠന പിന്നാക്കാവസ്ഥയുള്ളവർക്ക് എക്സ്ട്രാ /ഒഴിവുദിന വിനിമയം | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | • Science Club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>• Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം<br>• സഹവാസ ക്യാമ്പ് (വിവിധങ്ങളായ ശാസ്ത്ര ക്ലാസ്സുകൾ, നിർമാണം) | ജൂൺ<br><br>യഥാസമയങ്ങളിൽ | അധ്യാപകർ SRG, Science Club | PTA |
| 3 | സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | • വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>• ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ<br>• ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന Mobile Lab Kit | ഫസ്റ്റ് ടേം | ശാസ്ത്രാധ്യാപകർ | SRG, PTA |
| 4 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | • സ്കൂൾ ക്യാമ്പസിൽ പഴം-പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ തയ്യാറാക്കൽ<br>• ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി തന്നെ പാഠപുസ്തകമായി മാറുന്നു. | ഒരു വർഷം | ശാസ്ത്രാധ്യാപകർ | കർഷകർ PTA |

| | | | | | |
|---|---|---|---|---|---|
| 5 | മാലിന്യമുക്ത-ആരോഗ്യ-ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | • പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്<br>• കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്, വൈദ്യപരിശോധന<br>• ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ് ഫുഡ്)<br>• വിവിധ ഡിവിഷനുകളിൽ/വാർഡുകളിൽ ആരോഗ്യ സർവേ | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | ശാസ്ത്രാധ്യാപകർ SRG |
| 6 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | • സ്കൂൾ ശാസ്ത്ര മേള<br>• സ്കൂളിൽ ഒരു 'അനാട്ടമി പാർക്ക്' (മനുഷ്യ അവയവ വ്യവസ്ഥകൾ)<br>• ശാസ്ത്രോപകരണ നിർമാണ ശില്പശാല<br>• ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമാണം<br>• ശാസ്ത്ര ക്വിസ്, ശാസ്ത്ര മാജിക് (കൗതുകകരമായ പരീക്ഷണങ്ങൾ)<br>• ബയോഗ്യാസ് പ്ലാന്റ് | ആദ്യ ടേം ഹ്രസ്വകാലം | ശാസ്ത്രാധ്യാപകർ | PTA |
| 7 | പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങ മനസ്സിലാകാനുതകുന്ന വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | • ഭിന്ന ശേഷിയുള്ളവർക്കും വ്യത്യസ്ത പഠന നിലവാരത്തിലുള്ളവർക്കും പ്രത്യേകം രൂപകൽപ്പന ചെയ്ത വർക്ക്ഷീറ്റുകൾ നൽകും. ഇവ സ്വയം ചെയ്യുന്നതിനും ഗ്രൂപ്പുകളായി ചെയ്യുന്നതിനും അവസരം ഒരുക്കും. | ജൂലൈ | ശാസ്ത്രാധ്യാപകർ | വിഷയസമിതി |
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരതയുണർത്താനും | • ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക .<br>• സ്പെസിമെൻ ശേഖരണം/നിർമാണം<br>• ശാസ്ത്രപ്പതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ<br>• ശാസ്ത്ര പഠനയാത്രകൾ (ISRO, CUSAT, കാർഷിക സർവ്വകലാശാലാ കേന്ദ്രങ്ങൾ, പ്ലാനറ്റേറിയം, അക്വാറിയം, Biodiversity പാർക്കുകൾ ) | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | PTA SRG |
| 9 | ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം | • വാനനിരീക്ഷണവും ക്ലാസ്സും<br>• ജ്യോതിശാസ്ത്ര പ്രശ്നങ്ങൾക്ക് മറുപടി കണ്ടെത്തുന്നതിന് ഉള്ള പഠന പ്രവർത്തനങ്ങൾ | ഡിസംബർ - ജനുവരി | ശാസ്ത്രാധ്യാപകർ | PTA SRG |

| | | | | | |
|---|---|---|---|---|---|
| 10 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | • പ്രതിഭകൾക്ക് പ്രത്യേക പരിശീലനം (ഭിന്നശേഷിക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു)<br>• ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖവും പാരസ്പര്യ ക്രിയാത്മകതയും<br>• വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ<br>• സ്കോളർഷിപ്പ് പരീക്ഷകൾക്ക് (NMMS, USS) പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാധ്യാപകർ | SRG |
| 11 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യകൾ) | • പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | എല്ലായ്പോഴും | ശാസ്ത്രാധ്യാപകർ | SITC<br>KITE |

# 8. അക്കാദമിക് മാസ്റ്റർ പ്ലാൻ-ഗണിതം

മേഖല: അക്കാദമിക്
ഉപമേഖല: ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | • പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>• പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം, ആശയധാരണകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | ഗണിതാധ്യാപകർ | SRG |
| 2 | എല്ലാ കുട്ടികൾക്കും TLM കിറ്റ്, ക്ലാസുകളിൽ 'ഗണിത കോർണർ' | • ദ്വിദിന ശില്പശാലയിലൂടെ ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെയുംരക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠന സാമഗ്രികളുടെ (ഒറിഗാമി, ടാൻഗ്രാം മുതലായവ) നിർമാണം<br>• ഇത്തരം പഠന സാമഗ്രികൾ ഉൾപ്പെടുത്തി ക്ലാസുകളിൽ 'ഗണിത കോർണർ | 5 മാസം | ഗണിതാധ്യാപകർ | SMC, PTA നഗരസഭ |
| 3 | ഗണിത ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ | • ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ, ഇനം തിരിച്ച് ക്രമീകരിക്കൽ | ടേം ഒന്ന് | ഗണിതാധ്യാപകർ | SMC, PTA, SRG |
| 4 | Maths Club സജീവമാക്കൽ | • ഗണിത ക്ലബ് രൂപീകരണോൽഘാടനം<br>• ഗണിത ക്വിസ്, ഗണിത സമസ്യകൾ ബുള്ളറ്റിൻ ബോർഡുകളിൽ<br>• ക്ലാസ്തല-സ്കൂൾതല ഗണിത മാഗസിനുകൾ<br>• ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ (ആഴ്ചയിൽ ഓരോ ജീവചരിത്രം വീതം)<br>• ഓരോ കുട്ടിക്കും 'എന്റെ കുസൃതി കണക്കു പുസ്തകം' | ജൂൺ ജൂലൈ<br><br>എല്ലായ്പോഴും | ഗണിതാധ്യാപകർ<br><br>ഗണിത ക്ലബ് | SRG |
| 5 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ | • ഗണിത പ്രോജക്ടുകളുടെ അവതരണം<br>• മാഗസിനുകളുടെ പ്രകാശനം | ഓണം/ ക്രിസ്മസ് ഒഴിവ് | ഗണിതാധ്യാപകർ<br>ഗണിത ക്ലബ് | PTA |

| | | | | | |
|---|---|---|---|---|---|
| 6 | പഠനനേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതി നായി വർക്ക്ബുക്ക് | • വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക്ക്ഷീറ്റുകൾ തയ്യാറാക്കി വർക്ക്ബുക്കായി നൽകുന്നു | രണ്ടാം ടേമിൽ | ഗണിതാധ്യാപകർ | SRG |
| 7 | സ്കൂളിൽ ഒരു ഗണിതപാർക്ക് | • ഗണിതാശയങ്ങൾ, സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നിവ മനസ്സിലാകാനുതകുന്ന വിപുലമായ ഗണിത പാർക്ക് | ഒരു വർഷം | ഗണിതാധ്യാപകർ | PTA<br>നഗരസഭ |
| 8 | മുന്നാക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ | • OMR മാതൃകയിലുള്ള ചോദ്യപ്പേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ | മാസത്തിൽ രണ്ട് | ഗണിതാധ്യാപകർ | SRG |
| 9 | ICT യിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | • ഗണിതത്തിലെ ICT സാധ്യകൾ (GeoGebra, DrGeo മുതലായവ) പ്രയോജനപ്പെടുത്തിയുള്ള പഠനം<br>• 3D ഗണിതരൂപങ്ങളുടെ നിർമിതി<br>• കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗുകളിൽ (ഉദാ: Maths Blog) അപ്‌ലോഡ് ചെയ്യൽ | യഥാസമയങ്ങളിൽ | ഗണിതാധ്യാപകർ<br>ഗണിത ക്ലബ് | SITC<br>JSITC |
| 10 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ചുമർ ചിത്രങ്ങൾ | • ക്ലാസ്സിൽ ഒരു ചുമരിൽ ഭിന്നസംഖ്യ, ഗണിതാശയങ്ങൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവ വരയ്ക്കൽ | 5 മാസം | ഗണിതാധ്യാപകർ<br>ഗണിത ക്ലബ് | SRG,PTA |
| 11 | എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | • ഡൈസ് ഗം, പാമ്പും കോണിയും, സംഖ്യാ ചക്രങ്ങൾ, സംഖ്യാമാല തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ തയ്യാറാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ നിർവഹിക്കൽ | യഥാസമയങ്ങളിൽ | കുട്ടികൾ | വിഷയസമിതി |
| 12 | എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ | • Number Chart, Number Cards, അബാക്കസ്, മാന്ത്രിക ചതുരം, Place Value Pocket Number Pattern മുലായവയുടെ നിർമാണവും അവ ഉപയോഗിച്ചുള്ള കളികളും | യഥാസമയങ്ങളിൽ | ഗണിതാധ്യാപകർ | വിഷയസമിതി |
| 13 | ഗണിത ലാബ് നവീകരണം | • നിർമിച്ച TLM കൾകൂടി ഉപയോഗപ്പെടുത്തിയും വിവിധ ഗണിത സോഫ്റ്റ് വെയറുകൾ ഉപയാഗപ്പെടുത്തിയും ഗണിതലാബ് സജീവമാക്കൽ<br>• ഗണിതലാബ് ഫലപ്രദമായി ഉപയോഗിക്കുന്നതെങ്ങനെയെന്ന് ഗണിത ക്ലബ് അംഗങ്ങൾക്ക് പരിശീലനം നൽകൽ | 6 മാസം | ഗണിതാധ്യാപകർ<br>ഗണിത ക്ലബ് | SITC<br>SRG<br>PTA |

# 9. അക്കാദമിക് മാസ്റ്റർ പ്ലാൻ (കലാ-കായികാരോഗ്യ-പ്രവൃത്തിപരിചയം)

മേഖല: അക്കാദമിക്
ഉപമേഖല: കല (ചിത്രം, സംഗീതം)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചിത്രകല, സംഗീതകല മുതലായവയുടെ പരിപോഷണം | • പ്രത്യേതകം മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരുക്കൽ<br>• സർഗാത്മകത കണ്ടെത്താനുള്ള ശ്രമങ്ങൾ | മെയ്, ജൂൺ, ജൂലൈ | ആർട്, മ്യൂസിക് അധ്യാപകർ | SRG, PTA |
| 2 | ചിത്രകലാ പരിശീലന ക്യാമ്പ് | • ചിത്രകലയിൽ പ്രാവീണ്യം കാണിക്കുന്നവർക്ക് അവധിക്കാലത്ത് മൂന്ന് ദിവസം നീളുന്ന കലാ-ശില്പശാല | അവധിക്കാലം | ആർട് അധ്യാപകർ | SRG, PTA |
| 3 | കേരള സ്കൂൾ കലോത്സവ പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | • തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ | ഒഴിവ് ദിനങ്ങൾ | ആർട്, മ്യൂസിക് അധ്യാപകർ | SRG, PTA, പൂർവ്വ വിദ്യാർത്ഥികൾ |

മേഖല: അക്കാദമിക്
ഉപമേഖല: ആരോഗ്യ-കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | • രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ<br>• കായികക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ<br>• പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം | ആഴ്ചയിൽ 3 ദിവസം | കായികാ ധ്യാപകൻ | SRG, PTA |
| 2 | ആരോഗ്യ കായികോന്നമനത്തിനായി സ്കൂൾ കായിക വേദിയുടെ തനതു പ്രവർത്തനങ്ങൾ | • സ്കൂൾ കായിക വേദി രൂപീകരണം, വാർഷിക പദ്ധതി ആസൂത്രണം<br>• കായിക വേദിയുടെ നേതൃത്വത്തിൽ മാരത്തൺ, ഫുട്ബാൾ പരിശീലനം, നീന്തൽ പരിശീലനം, ബാഡ്മിന്റൺ പരിശീലനം, ഹോക്കി ടീം വാർത്തെടുക്കൽ, ഒളിമ്പിക്സ് ക്വിസ്, പതിപ്പ് നിർമാണം മുതലായവ<br>• കായിക താരങ്ങളെ ആദരിക്കൽ | യഥാകാല ങ്ങളിൽ | കായിക വേദി കൺവീനർ | കായികാധ്യാപകൻ, PTA, പൂർവ്വ വിദ്യാർത്ഥികൾ |
| 3 | ഉപജില്ലാ-ജില്ലാ-സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | • തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവ് ദിന പരിശീലനങ്ങൾ<br>• ലഘുഭക്ഷണം നൽകൽ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങളിൽ | കായികാ ധ്യാപകൻ | PTA, പൂർവ്വ വിദ്യാർത്ഥികൾ |
| 4 | പെൺകുട്ടികളെ ശാക്തീകരിക്കലും ആത്മവിശ്വാസം വളർത്തലും | • പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം<br>• സൈക്ലിങ് പരിശീലനം<br>• നീന്തൽ പരിശീലനം | ആഴ്ച്ചയിൽ മൂന്നു ദിവസവും | കായികാ ധ്യാപകൻ കായിക വേദി | പരിശീലകർ, PTA |

മേഖല: അക്കാദമിക്
ഉപമേഖല: ആരോഗ്യ-കായിക-വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാ-മാനവിക-ശാസ്ത്രപഠനത്തോടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ടാവുക | • ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കൽ<br>• സ്കിൽ (നൈപുണ്യം) കണ്ടെത്താനുള്ള ശ്രമങ്ങൾ<br>• തെരഞ്ഞെടുക്കപ്പെടുന്ന എല്ലാവർക്കും സൗജന്യ പരിശീലനം | ആഴ്ചയിൽ 3 ദിവസം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | SRG, PTA |
| 2 | സ്കൂൾ ക്രാഫ്റ്റ് മേള | • കുട്ടികൾ നിർമിച്ച കുട, ചോക്ക്, LED ഇനങ്ങൾ, ബാഗ്, നോട്ടു പുസ്തകം, തുന്നൽ-എംബ്രോയിഡറി ഐറ്റം, കൊത്തുപണികൾ, തുണിയുൽപന്നം, അലങ്കാര ഉൽപന്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കൽ-വിൽപന | നവംബർ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | കായികാധ്യാപകൻ PTA, പൂർവ്വ വിദ്യാർഥികൾ |
| 3 | ഉപജില്ലാ-ജില്ലാ-സംസ്ഥാന പ്രവൃത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | • തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവൃത്തി പരിചയ പരിശീലനങ്ങൾ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങളിൽ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | PTA, പൂർവ്വ വിദ്യാർഥികൾ |

# ഉപസംഹാരം

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ സമഗ്രമായ വിദ്യാഭ്യാസ വികസനത്തിനും ഭാവിയിലേക്ക് ദിശാബോധം നൽകുന്നതിനുമുള്ള ഒരു വഴികാട്ടിയാണ്. വിദ്യാർത്ഥികളുടെ ബൗദ്ധിക, കലാ, കായിക, സാമൂഹിക, സാങ്കേതിക മേഖലകളിലെ കഴിവുകൾ പരിപോഷിപ്പിച്ച് അവരെ ഭാവിയിലെ വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ നേരിടുന്ന ഉത്തരവാദിത്തമുള്ള പൗരന്മാരാക്കി വളർത്തുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ, അധ്യാപക-വിദ്യാർത്ഥി സഹകരണത്തോടൊപ്പം രക്ഷിതാക്കളുടെയും, ജനപ്രതിനിധികളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, പൊതു സമൂഹത്തിന്റെയും സജീവസഹകരണം ഉറപ്പാക്കിക്കൊണ്ട്, ആധുനിക സൗകര്യങ്ങളും നവീന അധ്യാപന രീതികളും പ്രയോജനപ്പെടുത്തി സ്ഥാപനം ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം ഒരുക്കും.

ഇത്തരത്തിൽ, ഈ മാസ്റ്റർ പ്ലാൻ വിദ്യാഭ്യാസ രംഗത്ത് നിലവാരമേറിയ പുരോഗതിയും സ്ഥിരതയുള്ള വളർച്ചയും ഉറപ്പാക്കുന്ന പ്രധാന പ്രമാണമായി പ്രവർത്തിക്കും.